DESPATCHED
On..15/12/21.



24/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.248(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2779/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. മുഹമ്മദ് അൽ അസീൽ,<br>പള്ളിയുടെ തെക്കതിൽ,<br>മുഴങ്ങോടി, തൊടിയൂർ പി.ഒ.,<br>കൊല്ലം | അപ്പീൽ ഹർജിക്കാരൻ |
| Vs | |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>വില്ലേജ് ആഫീസർ,<br>വില്ലേജ് ആഫീസ്,<br>തൊടിയൂർ, കൊല്ലം<br>2. അപ്പീൽ അധികാരി &<br>തഹസിൽദാർ,<br>താലൂക്ക് ആഫീസ്, കൊല്ലം | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.04.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 16.11.2021, കൊല്ലം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മുഹമ്മദ് അൽ അസീൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ.യുടെ നിർദ്ദേശ പ്രകാരം 60 രൂപയുടെ ചെല്ലാൻ അടച്ചിരുന്നുവെന്നും രേഖകൾ തരാതെ മനപൂർവ്വം വിവരങ്ങൾ മറച്ചുവെച്ചിരുന്നുവെന്നും വില്ലേജ് ആഫീസർക്കെതിരെ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ തീയതിയിൽ മുൻ നമ്പരുകളുമായി എഴുതി ചേർത്ത് ടിയാൻ ആവശ്യപ്പെട്ട രേഖകൾ തപാൽ മുഖേന ലഭിച്ചുവെന്നും ടിയാന് രേഖകൾ നൽകാതെ 41 ദിവസം വിവരങ്ങൾ മറച്ചുവെച്ച് കഷ്ടനഷ്ടം വരുത്തിയ ഇരു കക്ഷികളിൽ നിന്നും പിഴ ഈടാക്കണമെന്നും ടിയാന് നഷ്ടപരിഹാരം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 07.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാന്റെ മാതാവ് മരണപ്പെട്ടതിനെ തുടർന്ന് സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള അപേക്ഷയുടെ എല്ലാവിധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കണമെന്നാണ്. ആയതിന് ഒന്നാം എതിർകക്ഷി 03.11.2020 ന് 60/- രൂപ ഫീസ് അടക്കാൻ നിർദ്ദേശിച്ച് കത്ത് നൽകിയതായി കാണുന്നു. പകർപ്പ് ലഭ്യമാക്കാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി

മുമ്പാകെ 06.01.2021 ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ടിയാന്റെ 07.10.2020 ലെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 03.11.2020 ൽ ഫീസ് അടക്കാൻ നിർദ്ദേശിച്ചിരുന്നുവെന്നും ടിയാൻ അതിൻ പ്രകാരം 10.11.2020 ൽ ചെലാൻ അടച്ച് വില്ലേജ് ആഫീസിൽ ഹാജരാക്കിയതിന് ഒന്നാം എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട രേഖ 15.11.2020 ൽ അയച്ച് കൊടുത്തുവെന്നും മനപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 07.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 03.11.2020 ൽ പകർപ്പ് ഫീസ് അടക്കാൻ കത്ത് നൽകിയതായി കാണുന്നു. ടിയാൻ 10.11.2020 ൽ പകർപ്പ് ഫീസ് അടച്ച് ചെലാൻ ഹാജരാക്കിയതിന് ഒന്നാം എതിർകക്ഷി 15.11.2020 ൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ അയച്ച് കൊടുത്തുവെന്നാണ് ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി മൊഴി നൽകിയത്. ആയതിന് തെളിവായി രേഖകൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു. ഹർജിക്കാരന്റെ 07.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 03.11.2020 ൽ ഫീസ് അടക്കാൻ നിർദ്ദേശിച്ചത് ഇത്രയും വൈകിപ്പിക്കേണ്ട ആവശ്യകത ഇല്ലായിരുന്നു. വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്. അല്ലാത്തപക്ഷം വിവരാവകാശ നിയമം ദുരുപയോഗം ചെയ്യാൻ ഇടവരുത്തും. എതിർകക്ഷികളുടെ ഭാഗത്തു നിന്നും മനപൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ കാണുന്നില്ല. ഹിയറിംഗിൽ

പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമായതായി കാണുന്ന സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp